LIBRARY ARCHIVES Kerala Legislative Assembly

നെക്രംപാറ-അർളടുക്ക-പുണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡ് നിർമ്മാണം

71(4081) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ നെക്രംപാറ-അർളടുക്ക-പുണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡിന് തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചത് എപ്പോഴാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ?

10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകി. പ്രസ്തുത ഉത്തരവ് 12-2-2021-ലെ സ.ഉ.(സാധാ)നമ്പർ188/2021/പൊ.മ.വ. പ്രകാരം റീവാലിഡേറ്റ് ചെയ്യുകയുണ്ടായി.

(ബി) പ്രസ്തുത റോഡിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

(സി) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അനുമതി എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. അത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയിൽ പ്രഖ്യാപിച്ച ഈ റോഡ് കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഈ റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.